## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1036:** **11.7.2011 ന് മറുപടിയ്ക്ക്**

### ന്യൂനപക്ഷ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ നടപടികൾ

**ചോദ്യം**

ശ്രീ. പി.റ്റി.എ. റഹിം :

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ഏതെല്ലാം സ്ഥലങ്ങളിലാണ് പുതുതായി ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) 2011-12 വർഷം സംസ്ഥാനത്ത് പത്ത് ഐ.ടി.ഐ. കൾ ആരംഭിക്കുമെന്നാണ് ബജറ്റ് പ്രസംഗത്തിൽ മുൻ സർക്കാർ പ്രഖ്യാപിച്ചിരുന്നത്. പള്ളിപ്പാട്, പെരിഞ്ഞനം, വടക്കാഞ്ചേരി, നിലയ്ക്കാമുക്ക്, തൃക്കുപാലം, പെരിന്തൽമണ്ണ, കുറ്റനാട്, ചെറുകുന്ന്, ചാത്തമംഗലം, പീരുമേട് എന്നിവയാണ് പ്രസ്തുത സ്ഥലങ്ങൾ.

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ ന്യൂനപക്ഷ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ കേന്ദ്രീകൃത മേഖലയിൽ ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു.

(സി) ഇതിന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങൾ ഏതെല്ലാമാണ്;

(സി) താഴെ പറയുന്ന 10 സ്ഥലങ്ങളാണ് നിർദ്ദേശിച്ചത്

1. കൊല്ലം - കൊല്ലം ജില്ല
2. ഈരാറ്റുപേട്ട - കോട്ടയം ജില്ല
3. മൂവാറ്റുപുഴ - എറണാകുളം ജില്ല
4. മണ്ണാർക്കാട് - പാലക്കാട് ജില്ല
5. ചെറിയമുണ്ടം - മലപ്പുറം ജില്ല
6. പരപ്പനങ്ങാടി - മലപ്പുറം ജില്ല
7. പെരിന്തൽമണ്ണ - മലപ്പുറം ജില്ല
8. കൊടുവള്ളി - കോഴിക്കോട് ജില്ല
9. സുൽത്താൻബത്തേരി - വയനാട് ജില്ല
10. തലശ്ശേരി - കണ്ണൂർ ജില്ല

| | |
|---|---|
| (ഡി) ന്യൂനപക്ഷ ഐ.ടി.ഐ. കൾ ആരംഭിക്കാൻ കേന്ദ്ര സർക്കാർ എന്ത് സഹായമാണ് നൽകുന്നത്; | (ഡി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള ശുപാർശ തയ്യാറാക്കി കേന്ദ്ര പ്ലാനിംഗ് കമ്മീഷനു നൽകി അഡീഷണൽ ഫണ്ട് ലഭ്യമാക്കുവാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചത്. ഇതനുസരിച്ച് 68.9 കോടി രൂപയുടെ ശുപാർശ കേന്ദ്ര പ്ലാനിംഗ് കമ്മീഷനു 21.4.2010 - ന് സമർപ്പിച്ചിട്ടുണ്ട്. |
| (ഇ) ഇവ ആരംഭിക്കുന്നതിന് കാലതാമസം വന്നതിന് കാരണമെന്താണ്; | (ഇ) ടി ഐ.ടി.ഐ. കൾക്ക് പത്ത് ഏക്കർ ഭൂമി വീതമാണ് ആവശ്യമായിട്ടുള്ളത്. ടി ബ്ലോക്കുകളിൽ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് ശ്രമം നടത്തിയെങ്കിലും ലഭ്യമായിട്ടില്ല. സ്ഥലം കണ്ടെത്താനാകാത്തതാണ് കാലതാമസത്തിന് കാരണം. |
| (എഫ്) ന്യൂനപക്ഷ ഐ.ടി.ഐ. കൾ സ്ഥാപിക്കാൻ എത്ര സ്ഥലമാണ് കേന്ദ്രം നിഷ്ക്കർഷിച്ചിട്ടുള്ളത്; | (എഫ്) ഐ.ടി.ഐ. സ്ഥാപിക്കാൻ പത്ത് ഏക്കർ സ്ഥലമാണ് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. |
| (ജി) സംസ്ഥാനത്തെ ഐ.ടി.ഐ. കൾക്ക് എത്ര സ്ഥലമാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്? | (ജി) ഐ.ടി.ഐ. കൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിന് വിവിധ ട്രേഡുകൾക്ക് വ്യത്യസ്ത നിബന്ധനകളാണ് നിലവിലുള്ളത്. ട്രേഡുകൾക്ക് അനുസൃതമായാണ് സ്ഥലം നിഷ്കർഷിക്കുന്നത്. 24 യൂണിറ്റുകളുള്ള, ഹോസ്റ്റൽ സൗകര്യമില്ലാത്ത ഐ.ടി.ഐ.ക്ക് 5 ഏക്കർ സ്ഥലവും ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐ.ക്ക് 10 ഏക്കർ സ്ഥലവും വേണമെന്നാണ് വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ